## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3635. 15.12.2014 -ൽ മറുപടിക്ക്

### പി. എസ്.സി. ചെയർമാനും അംഗങ്ങളും യാത്രക്കൂലിയിനത്തിൽ വരുത്തിയ വർദ്ധനവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ : | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യ മന്ത്രി) |
| എ) പി.എസ്.സി. ചെയർമാനും അംഗങ്ങളും യാത്രക്കൂലിയിനത്തിൽ വൻവർദ്ധനവു വരുത്തി സ്വയം പുതുക്കി തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിഷയത്തിന്മേൽ പി.എസ്.സി.-യുടെ അഭിപ്രായം ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) മുഖ്യമന്ത്രിയുടെയോ, ധനവകുപ്പിന്റെയോ അനുമതി വാങ്ങാതെ എത്ര തുക യാത്രക്കൂലിയിനത്തിൽ പുതുക്കി നിശ്ചയിച്ചു; നിലവിൽ പി.എസ്.സി. ചെയർമാനും അംഗങ്ങൾക്കും യാത്രക്കൂലി കിലോമീറ്ററിന് എത്ര രൂപയായിരുന്നു; ആയത് എത്ര കണ്ട് വർദ്ധിപ്പിച്ചു; നിലവിലെ നിരക്കിൽനിന്നും എത്ര ശതമാനം കൂടുതൽ വർദ്ധനവ്; വിശദാംശം വ്യക്തമാക്കുമോ; | (ബി) + (സി) | വിവരം ശേഖരിച്ചുവരുന്നു |
| സി) ഇപ്രകാരം യാത്രക്കൂലിയിനത്തിൽ വരുത്തിയ വൻവർദ്ധനവു കൈപ്പറ്റുവാൻ ഇവർ അക്കൗണ്ടന്റ് ജനറലിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | | |

....2)

| | | | |
|---|---|---|---|
| ഡി) | സാമ്പത്തികപ്രതിസന്ധി രൂക്ഷമായ ഈ സമയത്ത് യാത്രാബത്തയിനത്തിൽ നിലവിലെ തുകയേക്കാൾ വൻവർദ്ധനവു വരുത്തിയ ഇവരുടെ ഈ നടപടി ശരിയാണോയെന്ന പരിശോധിക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | (ഡി) | പി.എസ്.സി.യോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഇ) | പി.എസ്.സി. ചെയർമാനുൾപ്പെടെ നിലവിലെ അംഗങ്ങൾ യാത്രാബത്തയിനത്തിൽ നാളിതുവരെ കൈപ്പറ്റിയ ആകെ തുക എത്ര; ഇവർ ഓരോരുത്തരും വർഷാവർഷം നാളിതുവരെ വാങ്ങിയ യാത്രാബത്തത്തുക എത്രയെന്ന തരംതിരിച്ച് വ്യക്തമാക്കുമോ; | (ഇ) | വിവരം ശേഖരിച്ചുവരുന്നു |
| എഫ്) | മുഖ്യമന്ത്രി, ധനവകുപ്പ്, അക്കൗണ്ടന്റ് ജനറൽ തുടങ്ങിയവരുടെ അനുമതിയോ, കത്തിടപാടുകളോ നടത്താതെ പി.എസ്.സി. ചെയർമാനുൾപ്പെടെയുള്ള അംഗങ്ങളുടെ യാത്രാബത്ത സ്വയം പുതുക്കിനിശ്ചയിച്ച് വൻവർദ്ധനവു വരുത്തിയ നടപടി റദ്ദുചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | പി.എസ്.സി.യിൽ നിന്ന് വിശദീകരണം ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ